## ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് -ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം-കോട്ടയം ജില്ല- ഏറ്റുമാനൂർ നഗരസഭ-ഏറ്റുമാനൂർ വില്ലേജ്- **പെട്രോൾ പമ്പ് കെട്ടിട നിർമ്മാണം**- ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഏറ്റുമാനൂർ നഗരസഭ സെക്രട്ടറിയുടെ 13-08-2019, 15-10-2019 തീയതികളിലെ ഇ 2-8993/2019 നമ്പർ കത്ത്.

2. കോട്ടയം ടൗൺ പ്ലാനറുടെ 01-11-2019-ലെ TCPKTM/1400/2019-C നമ്പർ കത്ത്.

=====================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ് നമ്പർ. **TCPCTP/2682/2019-C3** തീയതി: **20/11/2019**

=====================================================================

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ നഗരസഭ പരിധിയിലുള്ള ഏറ്റുമാനൂർ വില്ലേജിൽ റീ സർവ്വെ നമ്പർ. 67/10, 67/10-1, 67/10-1-1, 67/11, 67/11-1-എന്നിവയിൽ ഉൾപ്പെട്ട സ്ഥലമുടമയുടെ പേരിലുള്ള 6706 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ആകെ വസ്തുവിൽ നിന്നും 1155 ചതുരശ്ര മീറ്റർ സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 48 ചതുരശ്ര മീറ്റർ, കനോപ്പി 300 ചതുരശ്ര മീറ്റർ ഉൾപ്പെടെ ആകെ 348 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. മനുജോസ്**, തേക്കനാട്ട്, ഏറ്റുമാനൂർ, ഏറ്റുമാനൂർ പി.ഒ., കോട്ടയം-686631- ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ.1999-നും താഴെ പറയുന്ന നിബന്ധനകൾക്കും , വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനങ്ങൾ:-**

1. കെ.എം.ബി.ആർ.-1999-ലെ ചട്ടം -11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥല പരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. ചട്ടം 59 (15) പ്രകാരം, ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

3. ചട്ടം 59 (5a) പ്രകാരം ഫയർ ഫോഴ്സിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കണം.
4. ചട്ടം 59 (6) പ്രകാരം ആവശ്യമായ അഗ്നി സുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.
5. ചട്ടം 59 (16) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം.
6. ചട്ടം 59 (8) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച് സൈറ്റ് പ്ലാൻ നമ്പർ : **143/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

**ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം– ഒരു സൈറ്റ് പ്ലാൻ.

ടൗൺ പ്ലാനറുടെ കാര്യാലയം • തിരുവനന്തപുരം • പിൻ-695 143

**ജയശ്രീ. പി.ആർ.**
**ടൗൺ പ്ലാനർ**

**സെക്രട്ടറി**
ഏറ്റുമാനൂർ നഗരസഭ

പകർപ്പ്:–1. ശ്രീ. മനുജോസ്,
തേക്കനാട്ട്, ഏറ്റുമാനൂർ,
ഏറ്റുമാനൂർ പി.ഒ., കോട്ടയം–686631.
2. ടൗൺ പ്ലാനർ, കോട്ടയം.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.